**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **05-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) | ക്ഷീരകാർഷിക മേഖലയെക്കുറിച്ച് അടുത്തറിയുന്നതിനും ക്ഷീര പരിപാലനത്തിലേയ്ക്ക് നവാഗതരെ ആകർഷിക്കുന്നതിനും ആവശ്യമായ പഠന, പരിശീലന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ക്ഷീരകാർഷിക മേഖലയെക്കുറിച്ച് അടുത്തറിയുന്നതിനും ക്ഷീരമേഖലയിലേയ്ക്ക് നവാഗതരെ ആകർഷിക്കുന്നതിനും ആവശ്യമായ വിവിധ പഠന, പരിശീലന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലനകേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ പശുപരിപാലന രീതികൾ, ശുദ്ധമായ പാലുല്പാദനം, പാലുല്പന്ന നിർമ്മാണം, ശാസ്ത്രീയമായ തീറ്റപ്പുൽ കൃഷി എന്നിങ്ങനെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകിവരുന്നുണ്ട്. |
| (സി) | വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് ക്ഷീരകർഷക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും പ്രസ്തുത കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും അറിയിക്കാമോ; | (സി) | തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിൽ ക്ഷീര പരിശീലനകേന്ദ്രങ്ങളും ഡയറി എന്റർപ്രിണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ, അമ്മകണ്ടകര (പത്തനംതിട്ട), റീജിയണൽ ഡെയറി ലാബ്, കാസർഗോഡ് എന്നീ സ്ഥലങ്ങളിലും ക്ഷീരകർഷകർക്ക് പരിശീലനങ്ങൾ |

| | | | |
|---|---|---|---|
| | | | നൽകിവരുന്നു. ക്ഷീരപരിശീലനകേന്ദ്രങ്ങൾ ഉൾപ്പെടെ യുള്ള എല്ലാ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ആലപ്പുഴ പട്ടണക്കാട്ടുള്ള പാലുല്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ഡി) | ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്ന വനിത ഗ്രൂപ്പുകൾക്ക് പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിനുള്ള സൗകര്യം പട്ടണക്കാട് പ്രവർത്തിക്കുന്ന മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് ആന്റ് ഫെസിലിറ്റേഷൻ സെന്ററിൽ ചെയ്ത് കൊടുക്കുന്നു. ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ ഓഫ് ക്യാമ്പസ് പരിശീലന കേന്ദ്രം കൂടിയാണിവിടം. തുടക്കകാലത്ത് നിരവധി വനിത ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി പ്രവർത്തനം ആരംഭിച്ചെങ്കിലും നിലവിൽ ഒരു ഗ്രൂപ്പ് മാത്രമാണ് ഇവിടെ പ്രവർത്തനം തുടരുന്നത്. ഈ ഗ്രൂപ്പ് വിവിധങ്ങളായ പാലുല്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നുണ്ടെങ്കിലും കൂടുതൽ വനിതകൾക്ക് ഈ ഫെസിലിറ്റേഷൻ സെന്ററിന്റെ സൗകര്യം ലഭ്യമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ല ഡെപ്യൂട്ടി ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം ആല്പപ്പുഴ ജില്ലാ പഞ്ചായത്ത് –പട്ടണക്കാട് ക്ഷീരവികസനവകുപ്പ് മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് ആന്റ് ഫെസിലിറ്റേഷൻ സെന്ററിൽ ക്ഷീരോല്പന്ന നിർമ്മാണ വിപണന കേന്ദ്രം എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ പുതുതായി 8 വനിത ഗ്രൂപ്പുകൾക്ക് ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്നതിനും, അവർക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ഈ ഫെസിലിറ്റേഷൻ സെന്ററിന്റെ പശ്ചാത്തല സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആകർഷണീയമായ സെയിൽസ് ഔട്ട്ലെറ്റ് ഇവിടെ സജ്ജീകരിക്കാനും ലക്ഷ്യമിടുന്നു. അതിലൂടെ ഈ ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം കൂടുതൽ പേരിൽ എത്തുകയും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയും ചെയ്യും. |
| (ഇ) | ക്ഷീരമേഖലയിലേയ്ക്ക് കടന്നു വരുന്ന സംരംഭകർക്ക് സാമ്പത്തികവും സാങ്കേതികവുമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (ഇ) | ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്ന സംരംഭകർക്ക് സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്ന പദ്ധതികൾ സർക്കാർ ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികൾക്കുള്ള ധനസഹായം സർക്കാരിന്റെ പരിഗണനയിലാണ്. തീറ്റപ്പുൽകൃഷിയ്ക്കുള്ള ധനസഹായം കൂടാതെ, സർക്കാർ ധനസഹായ ത്തോടെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് കാലിത്തീറ്റ സബ്സിഡി, വൈക്കോലിനും പച്ചപ്പുല്ലിനും സബ്സിഡി എന്നിങ്ങനെയുള്ള വിവിധ സാമ്പത്തിക സഹായങ്ങളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ